**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട

ചോദ്യം നം 235

19.12.2012 ൽ മറുപടിക്ക്

**ആയുർവ്വേദ ചികിത്സാ തട്ടകം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ആയുർവ്വേദ ചികിത്സാ കേന്ദ്രമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് വിനോദസഞ്ചാരവകുപ്പ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | എ) ശാസ്ത്രീയവും വിശ്വസനീയവുമായ രീതിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആയുർവേദ കേന്ദ്രങ്ങളെ തിരിച്ചറിയാൻ അവയുടെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് ഗ്രീൻ ലീഫ്, ഒലിവ് ലീഫ്, എന്നിങ്ങനെ ക്ലാസിഫൈ ചെയ്ത് ഗ്രേഡിംഗ് നടത്തുന്നുണ്ട്. ടൂറിസം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള അത്യന്താപേക്ഷിതവും ഐച്ഛികവുമായ നിബന്ധനകൾ പാലിക്കുന്ന ആയുർവ്വേദ സെന്ററുകൾക്ക് ഗ്രീൻ ലീഫ് സർട്ടിഫിക്കറ്റും ഐച്ഛിക നിബന്ധനകൾ പാലിക്കുന്ന ആയുർവേദ സെന്ററുകൾക്ക് ഒലിവ് ലീഫ് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. ഇത്തരത്തിൽ ക്ലാസിഫൈ ചെയ്ത സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിന്റെ വെബ് സൈറ്റിലും ബ്രോഷറുകളിലും ഉൾപ്പെടുത്താറുണ്ട്. ഇതിനു പുറമേ, ഇത്തരം സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് കിട്ടുന്നതിന് ടൂറിസം വകുപ്പിൽ നിന്നും മേൽപ്പറഞ്ഞ ക്ലാസിഫിക്കേഷൻ ലഭിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കാനും ഉദ്ദേശിക്കുന്നുണ്ട് |

ബി) ലോകപൈതൃക കേന്ദ്രമാക്കി യുനെസ്കോ അംഗീകരിച്ച പശ്ചിമഘട്ടത്തെ മുൻനിർത്തി സംസ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

ബി) പശ്ചിമഘട്ടത്തിന്റെ വിപണന സാധ്യത കണക്കിലെടുത്ത് വകുപ്പ് പങ്കെടുക്കുന്ന പ്രധാനപ്പെട്ട ടൂറിസം ട്രേഡ് ഫെയറുകളിൽ വകുപ്പിന്റെ പവലിയൻ പശ്ചിമ ഘട്ടത്തെ ആധാരമാക്കി രൂപ കല്പന നടത്തിയാണ് ഇപ്പോൾ അവതരിപ്പിച്ചു വരുന്നത്. അടുത്തിടെ നടന്ന കേരള ട്രാവൽ മാർട്ട്, ലണ്ടനിൽ നടന്ന വേൾഡ് ട്രാവൽ മാർക്കററ് എന്നിവിടങ്ങളിൽ പശ്ചിമഘട്ടം ആസ്പദമാക്കിയാണ് പവലിയൻ ഒരുക്കിയത്.

സി) ഇതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ:

സി) കേരള ടൂറിസത്തിന്റെ പ്രധാന വിദേശവിപണിയായ ജർമ്മനിയിൽ ആയുർവ്വേദ ടൂറിസം കൂടുതലായി വിപണനം ചെയ്യുന്നതിന്റെ ഭാഗമായി വിവിധ അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണം, സോഷ്യൽ നെറ്റ് വർക്കിംഗ് വെബ് സൈറ്റുകൾ വഴിയുള്ള പ്രചരണം , ലോക പ്രശസ്തമായ ഓൺലൈൻ ഷോപ്പായ amazon.com മായി ചേർന്നുള്ള പരസ്യപ്രചരണം,ഔട്ട് ഡോർ ഡിസ് പ്ലേ പ്രചരണം, വിവിധ ഹെൽത്ത് & വെൽനസ്സ് ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുക എന്നിവ ചെയ്യുകയുണ്ടായി.

ഡി) ആയുർവ്വേദ രംഗത്തെ തൊഴിലാളികളെ പ്രചരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഡി) മേൽ വിവരിച്ച വിപണന പരിപാടികളിൽ എല്ലാം തന്നെ കേരളത്തിലെ പ്രധാനപ്പെട്ട ആയുർവ്വേദ റിസോർട്ടുകളെയും ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന ഹോട്ടലുകളേയും മറ്റ് റിസോർട്ടുകളെയും പങ്കെടുപ്പിച്ചു വരുന്നുണ്ട്. ഇവരുടെ പ്രധാന തൊഴിലാളികൾ ഇവയിൽ പങ്കെടുക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ